ഇന്ദിരാഗാന്ധി ദേശീയ അംഗപരിമിതർക്കുള്ള പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായും 400 രൂപയിൽ നിന്നും ഉടർന്ന് 525 രൂപയായും 525 രൂപയിൽ നിന്നും 800 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

80%-നുമുകളിൽ അംഗവൈകല്യം സംഭവിച്ചവർക്കുള്ള പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായും 400 രൂപയിൽ നിന്നും 700 രൂപയായും ഉടർന്ന് 700 രൂപയിൽനിന്നും 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.)

315 (1789) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സംസ്ഥാനത്ത് സംയോജിത ശിശുവികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.)കൾക്ക് വകയിരുത്തിയ തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് പറയാമോ;

(ബി) പ്രസ്തുത കാലയളവിൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള വിഹിതത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംയോജിത ശിശുവികസന സേവന പദ്ധതിയെ പി.പി.പി. മാതൃകയിൽപ്പെടുത്തി സ്വകാര്യവൽക്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ നയത്തിന്റെ തുടർച്ചയായി സംസ്ഥാനത്ത് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരമുള്ള പദ്ധതികളിൽ നിന്നും ഒഴിവാകുവാനും പ്രസ്തുതപദ്ധതി സർക്കാർ തലത്തിൽ തന്നെ തുടരുവാനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സംസ്ഥാനത്ത് സംയോജിത ശിശുവികസന സേവന പദ്ധതിക്കായി (ഐ.സി.ഡി.എസ്.) വകയിരുത്തിയ തുകയുടെയും വിനിയോഗിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു :

വർഷം	ഐ.സി.ഡി.എസ്.പദ്ധതിക്കായി വകയിരുത്തിയ തുക	വിനിയോഗിച്ച തുക
2011-12	3,20,26,80,000 രൂപ	3,16,55,46,244 രൂപ
2012-13	2,00,00,00,000 രൂപ	2,95,94,47,294 രൂപ
2013-14	4,00,00,00,000 രൂപ	3,01,45,74,380 രൂപ
2014-15	4,40,00,00,000 രൂപ	3,32,89,36,914 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഐ.സി.ഡി.എസ്. പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

വർഷം	കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായ തുക (ലക്ഷത്തിൽ)
2011-12	29313.72
2012-13	16014.58
2013-14	31147.08
2014-15	19520.23

(സി) ഇല്ല.

(ഡി) ബാധകമല്ല.

നിർഭയ ഷെൽട്ടർ ഹോമുകൾ

316 (1790) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായി സ്വന്തം ഭവനത്തിൽ തുടരുവാൻ കഴിയാത്ത അവസ്ഥയിലുള്ള സ്ത്രീകളെയും പെൺകുട്ടികളെയുമാണ് നിർഭയ ഷെൽട്ടർ ഹോമിൽ താമസിപ്പിക്കുന്നത്. ഇവർക്ക് മാനസികാരോഗ്യം വീണ്ടെടുക്കുവാനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചുകൊണ്ടു വരാനും വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും നിയമ സഹായത്തിനും ഷെൽട്ടർ ഹോമിൽ അവസരം ഒരുക്കുന്നു.

(സി) എല്ലാ ജില്ലകളിലും നിർഭയ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ മൂന്നും എറണാകുളം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോന്ന് വീതവും പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly